# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2977 07.11.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ തസ്തിക മാറ്റ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ താഴ്ന്ന വേതന തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ താഴ്ന്ന വേതന തസ്തികയിൽ നിന്നും 53 പേർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. |
| ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-7-19ലെ OA 1645/18, 1675/18, 1677/18 എന്നീ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എത്ര താഴ്ന്ന വേതന ജീവനക്കാർക്ക് തസ്തിക മാറ്റം വഴി നിയമനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ. വ്യക്തമാക്കാമോ; | ബി & സി) OA 1645/18, 1675/18, 1677/18 എന്നീ കേസുകൾ പരിഗണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 25.07.2019-ലെ ഇടക്കാല ഉത്തരവുകളെത്തുടർന്ന് ജില്ലയിലുണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ഒരു താഴ്ന്നവേതന ജീവനക്കാരന് തസ്തികമാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നിയമനങ്ങളിൽ കാലതാമസമുണ്ടായിട്ടില്ല. |
| സി) ഈ നിയമനങ്ങൾക്ക് ഉണ്ടായേക്കാവുന്ന കാലതാമസം എത്രയായിരിക്കുമെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ